മി. സ്പീക്കർ : ഇതിനെ സംബന്ധിച്ച് പറയാനുള്ള കാര്യങ്ങൾ പറഞ്ഞതല്ലാതെ എനിക്ക് കൂടുതലായിട്ട് ഒന്നും പറയാനില്ല. ശ്രീ. കെ.സി. ജോസഫിന് അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിനുള്ള അനുമതി ചെയർ നിഷേധിച്ചു. ക്ളിയറായില്ലേ? മുഴുവൻ കേട്ടില്ലായിരുന്നു.

(ബി) പരിഗണനയിലിരിക്കുന്നവ

2000 ഫെബ്രുവരി 2-ാം തീയതി ജപ്പാൻ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ കൺസൾട്ടൻസി നിയമനം സംബന്ധിച്ച് ഉന്നയിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി വാസ്തവവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുവാൻ ഉദ്ദേശിച്ച് കൊണ്ടുള്ളതുമാണെന്നാരോപിച്ച് മുഖ്യമന്ത്രിയ്ക്കെതിരെ അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് ശ്രീമതി റോസമ്മ ചാക്കോ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ഡിസംബർ 20-ാം തീയതിലെ (ഇന്നലെ) നിയമസഭാ നടപടികൾ റിപ്പോർട്ട് ചെയ്തുകൊണ്ട് ഡിസംബർ 21-ാം തീയതിലെ 'മലയാള മനോരമ' ദിനപ്പത്രത്തിൽ വന്ന വാർത്തയിൽ താൻ പറയാത്ത കാര്യങ്ങൾ താൻ പറഞ്ഞുവെന്ന രീതിയിൽ തെറ്റായി റിപ്പോർട്ട് ചെയ്തിരിക്കുന്നുവെന്നും ഇത് അവകാശലംഘനമാണെന്നും ആരോപിച്ചുകൊണ്ട് മലയാളമനോരമ ദിനപ്പത്രത്തിനെതിരെ ശ്രീ. ആനത്തലവട്ടം ആനന്ദനും ഓരോ നോട്ടീസുകൾ ചെയറിനു നൽകിയിട്ടുണ്ട്.

നോട്ടീസുകൾ ചെയറിന്റെ പരിഗണനയിലാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) : സർ, ഗവൺമെന്റിന് തൽക്കാലം വേറെ ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേക്ക് പിരിയാവുന്നതാണ്.

മി. സ്പീക്കർ : ഓർഡർ, ഓർഡർ..... ഇത്തവണത്തെ സഭ വളരെ ചുരുങ്ങിയ സമയമേയുണ്ടായിരുന്നുള്ളൂ. പക്ഷേ വളരെ സജീവമായ ഒരു സഭ തന്നെയായിരുന്നു. അതിന്റെ ഏറ്റവും വലിയ സംഭാവനയാണ് സ്പോർട്സ് ബിൽ. അതിവിടെ പറഞ്ഞുകഴിഞ്ഞു. കഴിഞ്ഞ പ്രാവശ്യത്തേക്കാൾ കുറേക്കൂടി ഭംഗിയായും ഫലപ്രദമായും കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചു. കഴിഞ്ഞ പ്രാവശ്യത്തെ അനുഭവമുണ്ടല്ലോ? എല്ലാ ഭാഗത്തെയും സഹകരണമുണ്ടായി. പ്രതിഷേധമുണ്ടെങ്കിലും സഭയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് തടസ്സങ്ങളുണ്ടായില്ല എന്നത് സ്വാഗതാർഹമാണ്. അതിനു സഹകരിച്ച എല്ലാപേർക്കും എന്റെ നന്ദി രേഖപ്പെടുത്തുന്നു. സഭയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമതയോടുകൂടി മുന്നോട്ടുകൊണ്ടുപോകാൻ സഹായിച്ച സഭാനേതാവായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്കും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും ഞാൻ നന്ദി രേഖപ്പെടുത്തുന്നു. മറ്റെല്ലാവർക്കും പത്ര മാധ്യമങ്ങൾക്കും ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങൾക്കും പ്രത്യേകം നന്ദിപ്രകാശിപ്പിച്ചുകൊണ്ട് സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നതായി അറിയിച്ചുകൊള്ളുന്നു.

(2000 ഡിസംബർ മാസം 21-ാം തീയതി വൈകുന്നേരം 4.30 ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly

Government of Kerala
കേരള സർക്കാർ
2001

Reg.No.KL/TV(N)/12
രജി.നമ്പർ

KERALA GAZETTE

കേരള ഗസറ്റ്

EXTRARARDINARY

അസാധാരണം

PUBLISHED BY AUTHORITY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. XLVI Thiruvananthapuram 8th January 2001
Monday 2001 8 No.53
വാല്യം 46 തിരുവനന്തപുരം 18th Pousha 1922 നമ്പർ നമ്പർ
1922 പൌഷം 18

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No. 1516/Table. 1/2000/Leg. Dated, Thiruvananthapuram, 8th January, 2001

In excercise of the powers conferred by sub-clause (a) of Clause 2 of Article 174 of the Constisution of India, the Governor of the State of Kerala hereby prorogues the Fifteenth Session of the Tenth Kerala Legislative Assembly with effect from December 21,2000 at the conclusion of its sitting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം 2-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പത്താം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനം 2000 ഡിസംബർ 21-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതു മുതൽ സമാപിച്ചിരിക്കുന്നു.

By order of the Governor,
DR. N.K. JAYAKUMAR
Secretary
Legislative Assembly

അനുബന്ധം - I

21.12.2000 - തിലെ നക്ഷത്രചിഹ്നമിട്ട ചോദ്യം 10 (100)
ദയവായി കാണുക

കരാറുകാർക്ക് കൊടുത്തു തീർക്കാനുള്ള കുടിശ്ശികയുടെ ഡിവിഷൻ തിരിച്ചുള്ള കണക്ക് നിരത്തുകളും പാലങ്ങളും വിഭാഗം

ഡിവിഷൻ	കുടിശ്ശിക തുക (30.9.2000 വരെ) (ലക്ഷം രൂപ)
തിരുവനന്തപുരം	3742.03
കൊല്ലം	2622.38
പത്തനംതിട്ട	6014.23

LIBRARY ARCHIVES Kerala Legislative Assembly